## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3970 — 15.03.2017-ൽ മറുപടിയ്ക്ക്

## സംസ്ഥാന സഹകരണ യൂണിയന്റെ ഭരണ നിർവ്വഹണം

| **ചോദ്യം**<br>**ശ്രീ.അബ്ദുൽ ഹമീദ് പി.** | | **ഉത്തരം**<br>**ശ്രീ.കടകംപള്ളി സുരേന്ദ്രൻ (ബഹു.സഹകരണവും വിനോദ സഞ്ചാരവും, ദേവസ്വവും വകുപ്പ് മന്ത്രി** | |
|---|---|---|---|
| (എ) | സംസ്ഥാന സഹകരണ യൂണിയന്റെ ഭരണ നിർവ്വഹണം ഇപ്പോൾ ഏത് രീതിയിലാണ്; യൂണിയന്റെ മുൻ മാനേജിംഗ് കമ്മിറ്റിയെ പിരിച്ചു വിട്ടതാണോ അതോ കാലാവധി പൂർത്തിയാക്കിയതാണോ എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സഹകരണ യൂണിയന്റെ ഭരണ സമിതി കാലാവധി 2.2.2016-ൽ അവസാനിച്ചുവെങ്കിലും പുതിയ ഭരണ സമിതി തെരഞ്ഞെടുപ്പ് നടക്കാത്ത സാഹചര്യത്തിൽ കേരള സഹകരണ നിയമം വകുപ്പ് 89 പ്രകാരം നിലവിൽ ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ കൺവീനറായുള്ള 3 അംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് സംസ്ഥാന സഹകരണ യൂണിയന്റെ ഭരണ നിർവ്വഹണം നടത്തുന്നത്. സംസ്ഥാന സഹകരണ യൂണിയന്റെ മുൻ മാനേജിംഗ് കമ്മറ്റിയുടെ കാലാവധി 2.2.2016-ൽ പൂർത്തിയായതാണ്. പിരിച്ചുവിട്ടതല്ല. |
| (ബി) | കാലാവധി പൂർത്തിയായിട്ടും പുതിയ മാനേജിംഗ് കമ്മിറ്റിയെ തെരഞ്ഞെടുക്കുവാൻ കഴിയാതെ വന്നാൽ ഭരണ സ്തംഭനം ഒഴിവാക്കാനായി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ അതുപ്രകാരമാണോ നടപടി എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | കാലാവധി പൂർത്തിയായിട്ടും പുതിയ മാനേജിംഗ് കമ്മിറ്റിയെ തെരഞ്ഞെടുക്കുവാൻ കഴിയാതെ വന്നാൽ 1969 ലെ സഹകരണ സംഘം നിയമം വകുപ്പ് 89 പ്രകാരം ഭരണ സ്തംഭനം ഒഴിവാക്കാനായി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരമാണ് സർക്കാർ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | സഹകരണ സംഘത്തെയോ സംഘവിഭാഗത്തെയോ നിയമത്തിലെ ഏതെങ്കിലും വകുപ്പിന്റെ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കാൻ ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് ഒരു സഹകരണ സംഘം അല്ലാത്ത എസ്.സി.യു-നെ നിയമ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കാൻ കഴിയുമോ; എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ? | (സി) | സഹകരണ നിയമം വകുപ്പ് 101 പ്രകാരം സഹകരണ സംഘത്തെയോ സംഘ വിഭാഗത്തെയോ നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥയിൽ നിന്നും ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് ഒഴിവാക്കാൻ കഴിയും. 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 89 പ്രകാരമാണ് സംസ്ഥാന സഹകരണ യൂണിയൻ രൂപീകരിച്ചിട്ടുള്ളത്. കൂടാതെ ടി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വ്യവസ്ഥകളും സഹകരണ നിയമത്തിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**